


**കേരളസർക്കാർ**
**വിദ്യാഭ്യാസവകുപ്പ്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**

# നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് (NMMS) 2018-19

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള NMMS ന്റെ യോഗ്യതാ പരീക്ഷ **2018 നവംബർ മാസം 18** ന് നടത്തുന്നു. പരീക്ഷയ്ക്ക് ഓൺലൈൻ വഴി അപേക്ഷ **സെപ്റ്റംബർ മാസം 17-ാം** തീയതി മുതൽ സമർപ്പിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **2018 സെപ്റ്റംബർ 30** ആണ്.

**NMMS പരീക്ഷ അതാത് സ്കൂൾ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ മുഖാന്തിരം ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്.**

## യോഗ്യതകൾ

2018 - 19 അധ്യയനവർഷം കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ **എട്ടാം ക്ലാസിൽ** പഠിക്കുന്ന വിദ്യാർഥികൾക്ക് മാത്രമെ NMMS പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. കേന്ദ്രീയ വിദ്യാലയങ്ങൾ, ജവഹർ നവോദയ വിദ്യാലയങ്ങൾ സംസ്ഥാന സർക്കാർ നടത്തുന്ന റസിഡൻഷ്യൽ സ്കൂളുകൾ, മറ്റ് അംഗീകൃത സ്കൂളുകൾ എന്നിവയിൽ പഠിക്കുന്ന കുട്ടികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല.

2017-18 അധ്യയന വർഷത്തിൽ 7-ാം ക്ലാസിലെ വർഷാവസാന പരീക്ഷയിൽ 55% മാർക്കിൽ കുറയാതെ നേടിയിട്ടുള്ളവരും (എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് 50% മാർക്ക്) രക്ഷകർത്താക്കളുടെ **പ്രതിവർഷ വരുമാനം 1,50,000/- ൽ** കൂടാത്തവരുമായ വിദ്യാർഥികൾക്ക് സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

പ്രതിവർഷം 12000/- രൂപയാണ് സ്കോളർഷിപ്പ്. IX ക്ലാസ്സുമുതൽ XII ക്ലാസ്സുവരെ നാല് വർഷത്തേക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്.

**NMMS പരീക്ഷയ്ക്ക് അപേക്ഷ ഫീസില്ല.**

**യോഗ്യത മാർക്ക് : SAT, MAT എന്നീ വിഷയങ്ങൾക്ക് ഒന്നാകെ 40% മാർക്ക് ലഭിച്ചിരിക്കണം.** SC, ST, PH വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കുറഞ്ഞമാർക്ക് 32% ആണ്.

## പരീക്ഷാ നടപടിക്രമം

**90 മിനിട്ട് വീതമുള്ള രണ്ട് പാർട്ടുകളായിട്ടാണ് പരീക്ഷ നടത്തുന്നത്.**

**Part 1 : Scholastic Aptitude Test (SAT)**

ഭാഷേതര വിഷയങ്ങളായ സാമൂഹ്യശാസ്ത്രം, അടിസ്ഥാനശാസ്ത്രം, ഗണിതം എന്നിവയിൽ നിന്ന് **90 ബഹു ഉത്തര ചോദ്യങ്ങൾ (Multiple Choice Questions)** ഇതിൽ ഉണ്ടായിരിക്കും.

കേരള സിലബസ് അനുസരിച്ചുള്ള VIII-ാം ക്ലാസിലെ സെക്കന്റ് ടേം വരെയുള്ള അടിസ്ഥാനശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളുടെ പാഠഭാഗങ്ങളും, താഴ്ന്ന ക്ലാസുകളിൽ പഠിച്ചിട്ടുള്ളതും പ്രസ്തുത വിഷയങ്ങളുടെ ഉയർന്നതലത്തിലുള്ള ചിന്താപ്രക്രിയ ഉൾക്കൊള്ളുന്ന ചോദ്യങ്ങളും ഉണ്ടായിരിക്കും.

**Part 2 - Mental Ability Test (MAT)**

മാനസികശേഷി പരിശോധിക്കുന്ന **90 ബഹു ഉത്തര ചോദ്യങ്ങൾ (Multiple Choice Questions)** ഇതിൽ ഉണ്ടായിരിക്കും.

ചോദ്യങ്ങളിൽ സാദൃശ്യം കണ്ടെത്തൽ, വർഗീകരിക്കൽ, സംഖ്യാശ്രേണികൾ, പാറ്റേണുകൾ തിരിച്ചറിയൽ, മറഞ്ഞിരിക്കുന്ന രൂപങ്ങൾ കണ്ടെത്തൽ എന്നിവ ഉൾപ്പെടും.

**രണ്ട് പാർട്ടിലേയും ഓരോ ചോദ്യത്തിനും ഓരോ മാർക്ക് വീതമാണ് ലഭിക്കുന്നത്**

- ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നട എന്നീ ഭാഷകളിലാണ് ചോദ്യങ്ങൾ. ഏത് ഭാഷയിലുള്ള ചോദ്യപേപ്പറാണ് വേണ്ടതെന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തണം.

**(i) Part I: SAT**

| | |
|---|---|
| 10 am to 11.30 am | എല്ലാ പരീക്ഷാർഥികൾക്കും |
| 10 am to 12.00 noon | അംഗപരിമിതി ഉള്ളവർക്ക് മാത്രം |

**(ii) Part II: MAT**

| | |
|---|---|
| 1.30 pm to 3.00 pm | എല്ലാ പരീക്ഷാർഥികൾക്കും |
| 1.30 pm to 3.30 pm | അംഗപരിമിതി ഉള്ളവർക്ക് മാത്രം |

## പ്രധാനപ്പെട്ട തീയതികൾ

| | |
|---|---|
| പരീക്ഷാ തീയതി | - **18.11.2018** |
| Online ആയി അപേക്ഷ സമർപ്പിക്കേണ്ട തീയതി | - **17.09.2018** |
| അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | - **30.09.2018 5 pm** |
| അപേക്ഷ **HM/ Principal** പരിശോധിച്ച് **VERIFY** ചെയ്യേണ്ട അവസാന തീയതി | - **06.10.2018 5 pm** |

## അപേക്ഷിക്കേണ്ട രീതി

**NMMS പരീക്ഷയ്ക്ക് ഓൺലൈൻ വഴിയാണ് അപേക്ഷകൾ അയക്കേണ്ടത്.**

വിശദ വിവരങ്ങൾക്ക് എസ്.സി.ഇ.ആർ.ടി വെബ്സൈറ്റ് സന്ദർശിക്കുക (www.scert.kerala.gov.in)

**എല്ലാവിവരങ്ങളും തെറ്റുകൂടാതെ ശ്രദ്ധിച്ച് പൂരിപ്പിക്കേണ്ടതാണ്.**

**ഓൺലൈൻ വഴി അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രേഖകൾ കരുതേണ്ടതാണ്**

Email id , Mobile number എന്നിവ അപേക്ഷ പൂരിപ്പിക്കുമ്പോൾ കരുതേണ്ടതാണ് തുടർന്നുള്ള അറിയിപ്പുകൾ email id വഴിയും Mobile number വഴിയായിരിക്കും ലഭിക്കുക

- വില്ലേജ് ആഫീസിൽ നിന്നും ലഭിക്കുന്ന 1,50,000/- ൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ്
- ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (എസ്.സി/എസ്.ടി)
- അംഗപരിമിതി ഉള്ളവർ അത് തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്
- ഫോട്ടോ

സർട്ടിഫിക്കറ്റുകൾ pdf രൂപത്തിൽ സ്കാൻ ചെയ്ത് അയക്കണം. ഓരോ സർട്ടിഫിക്കറ്റിന്റെയും വലിപ്പം 2 MB യിൽ കവിയരുത്. സ്കാൻ ചെയ്യുന്ന ഫോട്ടോ jpg/jpeg രൂപത്തിലും വലിപ്പം 100 KB യിൽ താഴെയും ആയിരിക്കണം.

- എസ്.സി.ഇ.ആർ.ടി വെബ്സൈറ്റിൽ NTS/NMMS ൽ click ചെയ്ത് Online Application Entry യിലേക്ക് പോകുക.
- "Online Application Entry" ക്ലിക്ക് ചെയ്ത് വിവരങ്ങൾ എന്റർ ചെയ്യേണ്ടതാണ്.
- ആധാർ നമ്പർ തെറ്റ് കൂടാതെ എന്റർ ചെയ്യുക ആധാർ നമ്പർ ഇല്ലാത്തവർ ഇ. ഐ .ടി നമ്പർ എന്റർ ചെയ്യേണ്ടതാണ്.
- അപേക്ഷ പൂരിപ്പിച്ച് **SUBMIT** ചെയ്യുക.
- ആപ്ലിക്കേഷൻ ഐ.ഡി.യും ആപ്ലിക്കേഷൻ നമ്പരും രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.
- അപേക്ഷാ ഫോറത്തിൽ തിരുത്തലുകൾ വരുത്തണമെന്നുണ്ടെങ്കിൽ "Online Application Editing" ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ ഐ.ഡി.യും ആപ്ലിക്കേഷൻ നമ്പരും എന്റർ ചെയ്ത് തിരുത്താവുന്നതാണ്.
- ആപ്ലിക്കേഷൻ പൂരിപ്പിച്ചശേഷം **SUBMIT** ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ ഫോം അവസാനം **CONFIRMATION** ചെയ്യേണ്ടതാണ്.
- 'CONFIRMATION' ചെയ്ത് കഴിഞ്ഞാൽ അപേക്ഷയിൽ മാറ്റം വരുത്താൻ സാധിക്കുകയില്ല.
- ഒരു കുട്ടിയുടെ അപേക്ഷ എന്റർ ചെയ്തതിനുശേഷം ലോഗ്ഔട്ട് ചെയ്തിട്ടുവേണം അടുത്ത കുട്ടിയുടെ വിശദാംശങ്ങൾ എന്റർ ചെയ്യാൻ.

**CONFIRMATION കൊടുത്തതിന് ശേഷം അപേക്ഷയുടെ ഹാർഡ് കോപ്പിയും ബന്ധപ്പെട്ട രേഖകളും 'VERIFY' ചെയ്യാനായി ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാളിന്റെ കൈവശം സമർപ്പിക്കേണ്ടതാണ്.**

## ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാളിന് വേണ്ട നിർദ്ദേശങ്ങൾ

അപേക്ഷയുടെ ഹാർഡ്കോപ്പിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന് ശേഷം സമ്പൂർണ്ണ യൂസർ ഐഡിയും പാസ്സ്വേർഡും (SAMPOORNA user id and password) ഉപയോഗിച്ച് അപേക്ഷ **'VERIFY'** ചെയ്യേണ്ടതാണ്.

സ്കൂളിന്റെ തലവൻ **'VERIFY'** ചെയ്ത അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**അപേക്ഷയുടെ ഹാർഡ് കോപ്പിയും ബന്ധപ്പെട്ട രേഖകളും എസ്.സി.ഇ.ആർ.ടി ഓഫീസിലേക്ക് അയയ്ക്കേണ്ടതില്ല.** ഒറിജിനൽ അപേക്ഷയും ആവശ്യമുള്ള എല്ലാ പത്രങ്ങളും (സർട്ടിഫിക്കറ്റ്) അതാത് സ്കൂൾ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാളിന്റെ കൈവശം സൂക്ഷിക്കേണ്ടതാണ്. പരിശോധനക്കായി ആവശ്യപ്പെടുന്ന സമയത്ത് ഇവ എസ്.സി.ഇ.ആർ.ടിയിൽ ലഭ്യമാക്കേണ്ടതാണ്.

**ഹാൾ ടിക്കറ്റ് എടുക്കുന്നതിന് Application ID യും Application Number ഉം സൂക്ഷിച്ച് വയ്ക്കേണ്ടതാണ്.**

**വിശദവിവരങ്ങൾക്ക് എസ്.സി.ഇ.ആർ.ടി വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.**
**(www.scert.kerala.gov.in)**